# കേരള സർവകലാശാല

നം.പി.ആർ.101/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### കേരള സർവകലാശാലയുടെ പി.ജി, എൽ.എൽ.ബി, നാലാം സെമസ്റ്റർ ബിരുദ പരീക്ഷകൾക്ക് സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങൾ സജ്ജമാക്കി

കേരള സർവകലാശാല ജൂൺ 19 ന് ആരംഭിക്കുന്ന പി.ജി, ജൂൺ 22 ന് ആരംഭിക്കുന്ന എൽ. എൽ.ബി ജൂലൈ 1 മുതൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബിരുദ പരീക്ഷകൾക്ക് വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം സർവകലാശാലയുടെ പരിധിക്കു പുറമേ മറ്റ് ജില്ലകളിലായി അഞ്ച് പരീക്ഷാ കേന്ദങ്ങളും ലക്ഷദ്വീപിലെ കവരത്തിയിലും പരീക്ഷാകേന്ദ്രങ്ങൾ സജ്ജ്മാക്കിയിട്ടുണ്ട്. പരീക്ഷാ കേന്ദ്രത്തിൽ മാറ്റം വേണ്ട വിദ്യാർത്ഥികൾ മാത്രം ജൂൺ 10 മുതൽ അവരുടെ സ്റ്റുഡന്റ്സ് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് പരീക്ഷാകേന്ദ്രങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്. പരീക്ഷയുമായി ബന്ധപ്പെട്ട സംശയങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക സമിതിയെയും സർവകലാശാല നിയോഗിച്ചിട്ടുണ്ട്. പരീക്ഷാകേന്ദ്രങ്ങളെ സംബന്ധിച്ച വിശദമായ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാകും.

### സർവകലാശാല ബിരുദാനന്തര ബിരുദ പരീക്ഷകൾ ജൂൺ 19 മുതൽ

സർവകലാശാലയുടെ ബിരുദാനന്തര ബിരുദ രണ്ടാം സെമസ്റ്റർ പരീക്ഷകൾ ജൂൺ 19 മുതലും നാലാം സെമസ്റ്റർ പരീക്ഷകൾ ജൂലൈ 1 മുതലും ആരംഭിക്കുന്നതാണ്. സർവകലാശാല പരിധിക്കുള്ളിലും, ലക്ഷദ്വീപിലും വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ രീതിയിൽ മറ്റ് 5 ജില്ലകളിലും പരീക്ഷാകേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം ആവശ്യമുള്ള വിദ്യാർത്ഥികൾ മാത്രം ജൂൺ 10 മുതൽ സർവകലാശാല സ്റ്റുഡന്റ് പോർട്ടലിൽ ലോഗിൻ ചെയ്ത് പരീക്ഷകേന്ദ്രങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 9400332261 എന്ന നമ്പറിൽ ബന്ധപ്പെടുക. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്.

## സർവകലാശാല നാലാം സെമസ്റ്റർ ബിരുദ പരീക്ഷകൾ ജൂലൈ 1 മുതൽ

സർവകലാശാല സി.ബി.സി.എസ്സ്/സി.ആർ 2020, നാലാം സെമസ്റ്റർ ബിരുദ പരീക്ഷകൾ ജൂലൈ 1 മുതൽ ആരംഭിക്കുന്നതാണ്. സർവകലാശാല പരിധിക്കുള്ളിലും, ലക്ഷദ്വീപിലും വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ രീതിയിൽ മറ്റ് 5 ജില്ലകളിലും പരീക്ഷാകേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം ആവശ്യമുള്ള വിദ്യാർത്ഥികൾ ജൂൺ 10 മുതൽ സർവകലാശാല സ്റ്റുഡന്റ് പോർട്ടലിൽ ലോഗിൻ ചെയ്ത് പരീക്ഷാകേന്ദ്രങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 6238477701, 9446181173 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്.

## എൽ.എൽ.ബി പരീക്ഷകൾ ജൂൺ 22 മുതൽ

ഇന്റഗ്രേറ്റഡ് എൽ.എൽ.ബി 2020 പത്താം സെമസ്റ്റർ പരീക്ഷകൾ ജൂൺ 22 മുതലും അഞ്ചാം സെമസ്റ്റർ പരീക്ഷകൾ ജൂലൈ 1 മുതലും ആരംഭിക്കുന്നതായിരിക്കും. ആറാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി 2020 പരീക്ഷകൾ ജൂൺ 23 മുതലും ആരംഭിക്കുന്നതായിരിക്കും. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റം ആവശ്യമുള്ള വിദ്യാർത്ഥികൾ മാത്രം ജൂൺ 10 മുതൽ സർവകലാശാല സ്റ്റുഡന്റ് പോർട്ടലിൽ ലോഗിൻ ചെയ്ത് സജ്ജമാക്കിയിട്ടുള്ള പരീക്ഷാകേന്ദ്രങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക്:9495832324 എന്ന നമ്പറിൽ ബന്ധപ്പെടുക. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്.

## കേരള സർവകലാശാലയുടെ ചില പരീക്ഷകൾക്ക് മാറ്റം

2020 ജൂൺ 15, 16 തീയതികളിലായി നടത്താൻ നിശ്ചയിച്ചിരുന്ന അഞ്ചാം സെമസ്റ്റർ എസ്.ഡി.ഇ (വിദൂരവിദ്യാഭ്യാസ കേന്ദ്രം) ബി.എ/ബി.എസ്.സി/ബി.കോം ഓപ്പൺ കോഴ്സ് വിഷയങ്ങളുടെ പരീക്ഷകളിൽ ഓപ്പൺ കോഴ്സ് വിഷയമായ ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് (EC 1551) മാത്രം ജൂൺ 16 ന് ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയും ബാക്കിയുള്ള എല്ലാ ഓപ്പൺ കോഴ്സുകളും ജൂൺ 17 ന് ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയും നടത്തുന്നതാണ്. മറ്റു പരീക്ഷകൾക്കും പരീക്ഷാകേന്ദ്രങ്ങൾക്കും മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് ബി.എ – 9496258192, 9446546636, ബി.എസ്.സി – 9388877557, ബി.കോം – 9947027361, 0471 – 2386326 എന്നീ നമ്പറിൽ ബന്ധപ്പെടുക.:

## പ്രാക്ടിക്കൽ

2020 ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്.സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി കോഴ്സിന്റെ വൊക്കേഷണൽ മൈക്രോബയോളജി പ്രാക്ടിക്കൽ പരീക്ഷ ജൂൺ 29 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

ആറാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി (2017 അഡ്മിഷൻ റെഗുലർ, 2016, 2015 & 2014 അഡ്മിഷൻ സപ്ലിമെന്ററി, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) ജ്യോഗ്രഫി, ജിയോളജി, സുവോളജി, മൈക്രോബയോളജി, ബോട്ടണി, മാത്തമാറ്റിക്സ്, പോളിമർ കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, സൈക്കോളജി, ബയോകെമിസ്ട്രി, ഫിസിക്സ്, ഹോം സയൻസ് എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കലും പ്രോജക്ട് വൈവ പരീക്ഷയും ജൂൺ 29 മുതൽ അതതു കോളേജുകളിൽ വെച്ച് നടത്തുന്നതാണ്. മാത്തമാറ്റിക്സിന്റെ പ്രോജക്ട് വൈവ ജൂലൈ 1 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. വിശദവിവരങ്ങൾക്ക്: 9447341615, 9895891745 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

## എം.ബി.എ (ഫുൾടൈം) അഡ്മിഷൻ

സർവകലാശാലയുടെ വിവിധ മാനേജ്മെന്റ് പഠന കേന്ദ്രങ്ങളിൽ (യു.ഐ.എം) വർക്കല, കൊല്ലം, കുണ്ടറ, അടൂർ, പുനലൂർ, ആലപ്പുഴ, ഐ.സി.എം (പൂജപ്പുര) 2020–22 വർഷത്തെ എം.ബി.എ (ഫുൾ ടൈം) കോഴ്സിലേക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 2020 ജൂലൈ 5. ഗ്രൂപ്പ് ഡിസ്കഷനും വ്യക്തിഗത അഭിമുഖവും ജൂലൈ 13 മുതൽ 15 വരെ തിരുവനന്തപുരം, അടൂർ, ആലപ്പുഴ എന്നീ കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതും അഡ്മിഷനു വേണ്ടിയുള്ള കൗൺസിലിംഗ് സർവകലാശാല സെനറ്റ് ഹാളിൽ (പാളയം) ജൂലൈ 29, 30 തീയതികളിൽ നടത്തുന്നതാണ്. 2019 ആഗസ്റ്റിനു ശേഷം നേടിയ സാധുവായ കെമാറ്റ്/സീമാറ്റ്/കാറ്റ് സ്കോറുകൾ അഡ്മിഷന് നിർബന്ധമാണ്.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
09.06.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098